# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാത്യർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാത്യർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാത്യർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാത്യർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 December 2000 No. 9

## എഡിറേറാറിയൽ

ലോകത്തിൽ നിലവിലുള്ള എല്ലാ രാജ്യങ്ങളിലേയും സ്ഥിതി വിവരണ കണക്കുകൾ എടുത്താൽ ഇന്നു രാജ്യങ്ങൾ നേരിടുന്ന വെല്ലുവിളികളും അതിന്റെ കാരണങ്ങളും ബോധ്യമാകും. ഉദാഹരണം പറഞ്ഞാൽ ഭൂരിഭാഗം രാജ്യങ്ങളിലെയും സാമ്പത്തിക നേട്ടങ്ങളുടെ കാരണങ്ങൾ കണ്ടെത്താവുന്നതാണ്. അതിൽ മുഖ്യ പങ്കു വഹിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് മദ്യം. ഭരണ സംവിധാനത്തെയും ഉദ്യോഗ പ്രമുഖരേയും നിയന്ത്രിക്കത്തക്കവണ്ണം അതിന്റെ നിയന്ത്രണം അപാരമാണ്. ബാല്യക്കാർ മുതൽ വൃദ്ധന്മാർ വരെ സ്ത്രീ പുരുഷ ഭേദമില്ലാതെ മദ്യത്തിനു അടിമപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അതിൽ യാതൊരു അതിശയോക്തിയുമില്ല. മദ്യവും ലഹരിയും മനുഷ്യരെ സ്വാധീനിക്കാൻ തുടങ്ങിയിട്ട് അനേക നൂററാണ്ടുകളായി. ഇതിന്റെ വിപത്തുകൾ പല രീതിയിൽ ജനങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഇതു ഇല്ലാതാക്കാൻ ഭരണ നേതൃത്വത്തിലിരിക്കുന്നവരും ആദ്ധ്യാത്മിക നായകന്മാരും ശ്രമിച്ചിട്ടുണ്ട്. പക്ഷെ പരിഹരിക്കാത്ത വിധത്തിൽ ഇതു ഇന്നും സമൂഹത്തെ ഗ്രസിച്ചിരിക്കയാണ്. ഇതു സമൂഹത്തിൽ നിന്നു തുടച്ചു മാററുവാനുള്ള യഥാർത്ഥ പ്രതിവിധിയാണ് നാം കണ്ടെത്തേണ്ടത്. അതിനായി ദൈവ നിയമത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കണം.

ബോധവൽക്കരണം ഇതിനു അത്യന്താപേക്ഷിതമാണ്.

ഇതു ആരും സമ്മതിക്കുന്ന ഒന്നാണ്. പക്ഷെ അതു കതിരിൽ കൊണ്ടു വളം വെച്ചിട്ടു കാര്യമില്ല. ബാല്യത്തിൽ തന്നെ കുട്ടികളെ മദ്യത്തിന്റെ ദൂഷ്യവശങ്ങൾ പറഞ്ഞു മനസിലാക്കി കൊടുക്കണം. പാഠ്യപദ്ധതിയിൽ അതുൾപ്പെടുത്തണം. മദ്യം, ലഹരി, പുകയില, മയക്കുമരുന്നു എന്നിവ മനുഷ്യരുടെ ശരീരവും ജീവനും നശിപ്പിക്കുന്നു എന്ന പരമാർത്ഥം ആരംഭത്തിലേ തിരിച്ചറിയണം. അങ്ങനെയായാൽ അറിഞ്ഞുകൊണ്ടു അവർ അതിനിരയായി തീരുകയില്ല. മദ്യത്തെ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കരുത്. നിയമം കൊണ്ടും അതിനെ തടയേണ്ടതാണ്. മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം വേണ്ടെന്നു വെക്കണം. ധന സമ്പാദനമാർഗ്ഗം അവിശുദ്ധമോ നാശകരമോ ആകരുത്. അതിനുള്ള ധൈര്യമാണ് ഭരണ കർത്താക്കൾക്കു വേണ്ടത്. എല്ലാ രാജ്യങ്ങളിലേയും ഭരണകർത്താക്കൾക്കു അതിനുള്ള കഴിവ് വേണം. ധാർമ്മിക മൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന രാഷ്ട്രത്തലവന്മാരാണ് ആവശ്യം. അപ്പോഴേ മാത്രമെ സമൂഹത്തിനു നേരായി ചിന്തിക്കാൻ സാധിക്കയുള്ളൂ.

മൃദുല മനസ്കരായ ആളുകളാണ് ഇതിനു പെട്ടെന്നു വശംവദരരായി തീരുന്നതു. അങ്ങനെയുള്ളവരെ പ്രലോഭനങ്ങളിൽ നിന്നു വിമുക്തരാക്കണം. മദ്യം ഉണ്ടാക്കുന്നതും വില്ക്കുന്നതും ഒഴിവാക്കി കഴിഞ്ഞാൽ പിന്നെ സാധാരണക്കാർ ആ വഴിക്കു ചിന്തിക്കയില്ല. മദ്യാസക്തി ഒരു മനുഷ്യനെയും അന്നാക്കുകയല്ല ചെയ്യുന്നത്. ആരോഗ്യവും ബുദ്ധിയും ശരിയായ മാനസിക പക്വതയും ഉള്ള സമൂഹമാണ് നമുക്ക് ആവശ്യം. അവയെ നശിപ്പിക്കുന്ന എല്ലാ പദാർത്ഥങ്ങളെയും വർജ്ജിക്കണം. എല്ലാ വായനക്കാർക്കും നന്മ നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു.

★

# പാപിയുടെ പ്രാർത്ഥന

**J. C. ചോട്ട്**

ധാരാളം ഉപദേഷ്ടാക്കൾ പ്രാർത്ഥിച്ചു കേൾക്കാറുള്ള ഒന്നാണ്, അവരുടെ ശൈലിയിൽ പറഞ്ഞാൽ പാപിയുടെ പ്രാർത്ഥന. ഈ ഉപദേഷ്ടാക്കൾ തങ്ങളുടെ പരസ്യ പ്രസംഗങ്ങൾക്കുശേഷം രക്ഷിക്കപ്പെടാത്തവരായ ആളുകൾ മുൻപോട്ടു വരുവാനായി അവർ ക്ഷണിക്കും. കുറെപേർ സദസിൽ നിന്നു അവരുടെ അടുക്കൽ ചെല്ലും. അവരോടു നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിക്കുന്നുവോ എന്നു ചോദിക്കും. അവർ ഉവ്വ് എന്നു മറുപടി പറയും. എങ്കിൽ ഞാൻ പ്രാർത്ഥിക്കുമ്പോൾ നിങ്ങളും അതുപോലെ പ്രാർത്ഥിക്കണം എന്നു പറയും. ഏതാണ്ട് ഇതുപോലെ പ്രാർത്ഥിക്കും. പിതാവായ ദൈവമേ ഒരു പാപിയായ ഞാൻ ഇതാ നിന്റെ മുൻപിൽ നില്ക്കുന്നു. ഇപ്പോൾ നീ എന്റെ പാപങ്ങൾ ക്ഷമിച്ചു എന്നെ ഒരു ദൈവ പൈതലാക്കി സ്വീകരിക്കേണമേ. യേശുവിന്റെ നാമത്തിൽ ഈ പ്രാർത്ഥന കേൾക്കേണമേ''. ഈ പ്രാർത്ഥനക്കുശേഷം ഉപദേഷ്ടാവ് പരസ്യമായി പ്രഖ്യാപിക്കുന്നതു എന്തെന്നാൽ പാപിയുടെ പ്രാർത്ഥന ചൊല്ലിയ എല്ലാവരുടേയും പാപങ്ങൾ മോചിക്കപ്പെടുകയും അവർ ദൈവ മക്കൾ ആയി തീരുകയും ചെയ്തിരിക്കുന്നു എന്നാണ്. ഇതു ശരിയാണെന്നു വിശ്വസിച്ചിരിക്കുന്നവർ അനവധിയുണ്ട്.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ ഉള്ള ഒരു തെററു ഞാൻ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്നു. വചനത്തിൽ ഒരിടത്തും പാപിയുടെ പ്രാർത്ഥന എന്ന പേരിൽ ഒരു പ്രാർത്ഥനയേയില്ല. പാപി പ്രാർത്ഥിച്ചാൽ അവന്റെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കും എന്നു കർത്താവു ഒരിക്കലും വാഗ്ദാനം ചെയ്തിട്ടുമില്ല. മനുഷ്യനിൽ നിന്നു

ആരംഭിച്ച ഒരു പ്രാർത്ഥനയും ഉപദേശവുമത്രേ ഇത്. ഈ പ്രാർത്ഥന ചൊല്ലിയാൽ രക്ഷിക്കപ്പെടും എന്നു അന്ധമായി വിശ്വസിച്ചിരിക്കുന്നവർ വഞ്ചിതരായിരിക്കയാണ്. തെററു പഠിച്ചിരിക്കുന്നവരും തെററു വിശ്വസിച്ച് പിൻ പററിയിരിക്കുന്നവരുമായ ഈ ഉപദേഷ്ടാക്കൾ തന്നെ നഷ്ടപ്പെട്ടവരാണ്. ആകയാൽ അവരുടെ പ്രസംഗം കേട്ട് ആ പ്രാർത്ഥന ചൊല്ലുന്നവരും നഷ്ട്ടപ്പെട്ടവരുടെ ഗണത്തിൽ തന്നെയാണ്. ഉപദേഷ്ടാക്കൾ സത്യം സംസാരിക്കേണ്ടവരും അതു പഠിക്കേണ്ടവരുമാണ്. കർത്താവിൻെറ ഉപദേശത്തിൽ മായം കലർത്തി പഠിപ്പിക്കുന്നതു ശിക്ഷാർഹമാണ്. ശരിയായ പരിജ്ഞാനം ലഭിച്ചവരേ കർത്താവിൻെറ വചനം എടുത്തു ഉപയോഗിക്കാവൂ. അല്ലെങ്കിൽ അതു ഇരട്ടി ശിക്ഷാവിധിക്കു കാരണമായി തീരും.

ദയവായി അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം മുഴുവനായി വായിക്കുക. അവിടെ 11 പരിവർത്തന മാതൃക വായിക്കാവുന്നതാണ്. അവയിൽ ഒരു സാഹചര്യത്തിൽ പോലും പാപ ക്ഷമാപണത്തിനായി പാപിയുടെ പ്രാർത്ഥന ചൊല്ലുവാൻ പറഞ്ഞിട്ടില്ല. തിരുവെഴുത്തുകളെ പരിശോധിച്ച് ആ അരുളപ്പാടുകളെ മാത്രം പ്രസ്താവിക്കയാണ് ഉപദേഷ്ടാക്കളുടെ ധർമ്മം (1 പത്രൊസ് 4:11).

പരിവർത്തന ചരിത്ര വിവരണങ്ങൾ ചിലതു നമുക്ക് വായിച്ച് പരിശോധിക്കാം. യേശു ഉയിർത്തെഴുന്നേററ ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തു നാളിൽ ലോകത്തിൽ എങ്ങുമുണ്ടായിരുന്ന യെഹൂദന്മാർ എല്ലാവരും യെരുശലേമിൽ ഒരുമിച്ച് കൂടിയിരുന്നു. ആ സമയം അപ്പൊസ്തലന്മാർ യേശു തങ്ങൾക്കു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മ ശക്തി ലഭിക്കേണ്ടതിനായി കാത്തിരിക്കയായിരു

ന്നു (ലൂക്കൊസ് 24:49; പ്രവൃത്തി 1:8). ആ ശക്തി അപ്പൊസ്തലൻമാർക്കു ലഭിച്ചപ്പോൾ അവർ അന്യഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങൾ സദസ്യരോടു പ്രസ്താവിച്ചു. ദൈവം അവരിൽ പ്രവർത്തിച്ചു എന്നതിന്റെ തെളിവായിരുന്നു അത്. അവർ വിവരിച്ചു പറഞ്ഞതു: പ്രവാചകന്മാരുടെ വചനം നിവർത്തിയായി. യേശു നന്മ ചെയ്തുകൊണ്ടു ജനത്തെ സേവിച്ചു. എന്നാൽ ദുഷ്ടന്മാർ അവനെ ക്രൂശിൽ തറെച്ചുകൊന്നു. പക്ഷെ അവൻ ഉയിർത്തെഴുന്നേററു സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തേയ്ക്കു പോയി രാജാധി രാജാവും കർത്താധി കർത്താവുമായി തീർന്നു.

ഇതു കേട്ട പല യെഹൂദന്മാരുടേയും ഹൃദയത്തിൽ കുത്തുകൊണ്ടു. അവർ യേശുക്രിസ്തുവിൽ വിശ്വസിച്ചു. അതുകൊണ്ടു അവർ ചോദിച്ചു: സഹോദരന്മാരായ പുരുഷൻമാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു ?

അതിനു പത്രൊസും ശേഷം അപ്പൊസ്തലൻമാരും അവരോടു പറഞ്ഞതെന്താണ് ? മാനസാന്തരപ്പെട്ട് പാപിയുടെ പ്രാർത്ഥന ചൊല്ലുവാനല്ല പറഞ്ഞതു. വചനത്തിൽ പറയുന്നതു: പത്രൊസ് അവരോടു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നു പറഞ്ഞു (പ്രവൃത്തി 2:38). അവന്റെ വചനം സന്തോഷത്തോടെ കൈക്കൊണ്ടവർ സ്നാനമേററു, അന്നു മൂവായിരം പേർ അവരോടു ചേർന്നു; കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരിക്കുന്നു എന്നാണ് തെളിയിക്കുന്നതു (പ്രവൃത്തി 2:41-47). അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നു.

ഇതു പറഞ്ഞതുകൊണ്ടു പാപി പ്രാർത്ഥിക്കരുത്

എന്നല്ല, പ്രാർത്ഥനകൊണ്ടു മാത്രം പാപങ്ങൾ ക്ഷമിക്കപ്പെടുകയില്ല. പ്രാർത്ഥിച്ചാൽ പാപക്ഷമാപണത്തിനുള്ള അവസരം ദൈവം ഒരുക്കി തരും, ആ അവസരം ഉപയോഗിച്ചാൽ ആ വ്യക്തിക്കു പ്രയോജനമുണ്ടാകും. ദൈവ മക്കൾ ആയി തീരുന്നതിനു മുൻപ് ആളുകൾ ദൈവത്തോടുള്ള ബന്ധത്തിൽ അല്ല ജീവിക്കുന്നത്. ദൈവത്തെ അനുസരിച്ച് അവന്റെ ഭവനത്തിൽ ജനിക്കാതെ ആർക്കും ദൈവ മക്കളാകാൻ സാദ്ധ്യമല്ല. എന്നാൽ വീണ്ടും ജനിച്ചു ദൈവമക്കളായി തീർന്നവരുടെ അപേക്ഷ ദൈവം കൈക്കൊള്ളും.'

ഐത്യോപ്യക്കാരനായ ഒരാളുടെ പരിവർത്തനം വിവരിച്ചിരിക്കുന്നതും പരിശോധിക്കാം. ഫിലിപ്പോസ് എന്ന സുവിശേഷകൻ മരുഭൂമിയിൽ വെച്ച് ഈ മനുഷ്യനെ കണ്ടുമുട്ടി. അവൻ യെരുശലേമിൽ ദൈവത്തെ നമസ്കരിച്ചു വീട്ടിലേക്കു മടങ്ങുകയായിരുന്നു. തേരിൽ യാത്ര ചെയ്തുകൊണ്ടു അവൻ യെശയ്യാ പ്രവാചകന്റെ പുസ്തകം അമ്പത്തിമൂന്നാം അദ്ധ്യായം വായിക്കുകയായിരുന്നു. അവൻ വായിക്കുന്നതു മനസിലാകുന്നുണ്ടോ എന്നു ഫിലിപ്പോസ് അവനോടു ചോദിച്ചു. ഐത്യോപ്യൻ ഫിലിപ്പോസിനെ ക്ഷണിച്ചു; പൊരുൾ തിരിച്ചു കൊടുപ്പാൻ ഫിലിപ്പോസ് തയ്യാറായി. അങ്ങനെ അവൻ സ്നാനം ഏല്ക്കുവാൻ എനിക്കു എന്തു വിരോധം എന്നു ചോദിച്ചു. നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു. യേശു ദൈവ പുത്രനാണെന്നു അവൻ വിശ്വസിക്കുന്നതായി ഏററു പറയുകയും ഫിലിപ്പോസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു (പ്രവൃത്തി 8:36-39).

'പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നതാണ് വചനം നമ്മെ പഠിപ്പിക്കുന്നതു (യോഹന്നാൻ 9:31). ദൈവ ഭക്തനായി ജീവിച്ച് ദൈവേഷ്ടം ചെയ്യുന്നവന്റെ പ്രാർത്ഥന ദൈവം കേൾക്കുകയും മറുപടി തരികയും ചെയ്യും.

*

# ക്രൂശ് ദീശയെ പ്രദാനം ചെയ്യുന്നു

## ജെറി മനാസ്കൊ

ലോകത്തിൽ ഏവർക്കും അറിയാവുന്നതാണ് ക്രൂശ്. ക്രൂശിൽ തറെച്ചുകൊല്ലുന്ന ശിക്ഷാരീതി പണ്ടു നടപ്പിലുണ്ടായിരുന്നു. യെഹൂദന്മാർ യേശുവിനെ പിടിച്ച് പീലാത്തൊസിനെ ഏല്പിച്ച് അവനെ ക്രൂശിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പാപം ഒന്നും ചെയ്യാത്ത യേശുവിനെ പാപികരം ക്രൂശിൽ തറെച്ചുകൊന്നു. ആ സംഭവത്തെ പരാമർശിച്ച് പൌലൊസ് അപ്പൊസ്തലൻ എഴുതിയിരിക്കുന്നതു: ''എനിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ ക്രൂശിൽ അല്ലാതെ പ്രശംസിപ്പാൻ ഇട വരരുത്, അവനാൽ ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു'' (ഗലാത്യർ 6.14). പൌലൊസിൻെറ ജീവിതത്തിനു അർത്ഥമുണ്ടാക്കിയതു യേശുവിൻെറ ക്രൂശിലെ മരണമാണ്. അവൻ ജീവിച്ചതും അക്കാരണത്താലത്രേ. ക്രൂശിലെ ക്രിസ്തുവിൻെറ സ്നേഹം പൌലൊസിൻെറ എല്ലാ പ്രവർത്തിയിലും കാണാം. ''ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോരം ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവ പുത്രങ്കലുള്ള വിശ്വാസത്താലത്രേ'' ഗലാത്യർ 2:20).

ക്രൂശിൽ കേന്ദ്രീകരിച്ചുള്ള ജീവിതമാണ് ക്രിസ്ത്യാനിയുടേത്. ക്രൂശിൽ മരിച്ച യേശുവിനോടുള്ള അവൻെറ മനോഭാവം നിമിത്തമാണ് പൌലൊസിനു വിചാരണയും തടവും അനുഭവിക്കേണ്ടി വന്നതു. ക്രൂശിൽ മരിച്ച നസ്രായനെ നിന്ദിച്ചവൻ തന്നെ അവനിലുള്ള വിശ്വാസത്തിനു വേണ്ടി പോരാടുവാൻ തുടങ്ങുന്നു. കാരണം യേശു

മരിച്ചു. ആ മരണത്തെ ലോകത്തുള്ള മനുഷ്യർക്കു എല്ലാവർക്കും പാപം നീങ്ങുവാനുള്ള അവസരമുണ്ടായി. ആ പ്രയോജനം പൌലൊസിനും ലഭിച്ചു. ക്രിസ്തു മരിച്ചതുകൊണ്ടു നമ്മുടെ ബലഹീനതകൾക്കു തുണയായി തീർന്നു (എബ്രായർ 2:18). ക്രൂശ് പൌലൊസിനു ഒരു ജീവിത ദിശ കൊടുക്കുകയുണ്ടായി. അതിനു മുൻപുണ്ടായിരുന്ന അവന്റെ ജീവിതം നേരെ എതിരായിരുന്നു. എന്നാൽ ക്രൂശ് അവന്നു ശരിയായ പാത കാണിച്ചുകൊടുത്തു. അതിന്നു ശേഷം അവൻ നടക്കേണ്ടതായ വഴി ക്രൂശ് അവനു കാണിച്ചുകൊടുത്തു.

ദമസ്ക്കൊസിലേക്കുള്ള മാർഗ്ഗ മദ്ധ്യേ തർസൊസുകാരനായ ശൗൽ ചോദിച്ചു, കർത്താവേ, ഞാൻ എന്താണ് ചെയ്യേണ്ടതു ? (പ്രവൃത്തി 9:6). കർത്താവിന്റെ ശബ്ദം കേട്ടു വിശ്വസിക്കുകയും അനുസരിക്കയും ചെയ്തു. അതുകൊണ്ടാണ് അവൻ ഉടനെ സ്നാനമേററതും കർത്താവിന്റെ വേല ഏറെറടുത്തു ദൈവ ദാസനായി തീർന്നതും. ഒരിക്കൽ വെറുത്തിരുന്ന ഒന്നിനെ ഇപ്പോൾ അവൻ സ്നേഹിക്കുന്നു. അവന്റെ പ്രസംഗം ഇപ്പോൾ ക്രിസ്തുവിനെയും അവന്റെ ക്രൂശിനെയും കുറിച്ചാണ്. അവന്റെ ശ്രദ്ധ ഇപ്പോൾ ക്രൂശിൽ കേന്ദ്രീകരിച്ചിരിക്കയാണ്. ഒരിക്കൽ ലജ്ജിച്ചിരുന്ന ക്രൂശ് ഇപ്പോൾ അവന്നു ലജ്ജയില്ലാതായി തീർന്നു (1 കൊരിന്ത്യർ 2:2; റോമർ 1:16; പ്രവൃത്തി 26:29).

**യേശുവിന്റെ ജീവിത ലക്ഷ്യം ക്രൂശ് ആയിരുന്നു.** കർത്താവു സഞ്ചരിച്ചിരുന്നതു ക്രൂശിനെ ലക്ഷ്യമാക്കിയായിരുന്നു. അവൻ വന്നതിന്റെ ഉദ്ദേശം അവന്നു അറിയാമായിരുന്നു. അവൻ മരിക്കാനായിട്ടാണ് വന്നതു (യോഹന്നാൻ 12:23-28).

(ശേഷം അടുത്ത ലക്കത്തിൽ)

സ്ത്രീകൾക്കു വേണ്ടി

# യേശു-ക്രിസ്തു

## ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ മൃദുവായി ഒരു പാട്ടു പാടി തിമൊഥിയെ തട്ടിത്തട്ടി ഉറക്കി. അപ്പോൾ അവൾ വിചാരിച്ചു, ''അവനെത്ര വേഗമാണ് വളർന്നത്. ഒരു വർഷം അതി വേഗത്തിൽ കടന്നുപോയി. കുറച്ചു ദിവസങ്ങൾ കൂടെ കഴിഞ്ഞാൽ അവന്റെ ജന്മദിനം ആഘോഷിക്കാറായല്ലൊ. തന്നെയുമല്ല ഈ ഒരു വർഷം കൊണ്ടു തങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം മാററമുണ്ടായി'' എന്നും അവർ ഓർത്തു.

പെട്ടെന്നു അവൾ പോയി ബൈബിൾ എടുത്തു ഫിലിപ്പിയ ലേഖനം വായിക്കാൻ തുടങ്ങി. പൌലൊസ്, തന്റെ സഹവിശ്വാസികളെ സ്നേഹിക്കുന്ന സ്നേഹപ്രകടനമാണ് അതിലുള്ളതു. അവളെ വളരെ ആകർഷിച്ച വേദഭാഗമാണത്. ''ഞാൻ നിങ്ങൾക്കു എല്ലാവർക്കും വേണ്ടി കഴിക്കുന്ന സകല പ്രാർത്ഥനയിലും എപ്പോഴും സന്തോഷത്തോടെ പ്രാർത്ഥിച്ചും നിങ്ങളിൽ നല്ല പ്രവർത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു (ഫിലിപ്പിയർ 1:3-4). പലപ്പോഴും അവൾ, തങ്ങളുടെ ക്രിസ്തുവിലായി തീർന്ന സഹോദരിമാരെയും സഹോദരന്മാരെയും കുറിച്ച് ചിന്തിച്ചിട്ടുണ്ട്. ബൈബിൾ മാത്രം വായിച്ച് അനുസരിച്ച് പിൻപററുന്ന ക്രിസ്ത്യാനികൾ എവിടെയൊക്കെ ഉണ്ടാകും എന്നു ചിന്തിക്കാൻ തുടങ്ങി. ബൈബിൾ അനുസരിക്കുവാൻ കൂടുതൽ പേർ തയ്യാറാകും എന്ന പ്രത്യാശയും അവൾക്കുണ്ട്.

ഫിലിപ്പിയർ രണ്ടാം അദ്ധ്യായം അഞ്ചാം വാക്യത്തിലേക്കു അവൾ തിരിഞ്ഞു വായന തുടങ്ങി. ''ക്രിസ്തു

യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ; അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപമെടുത്തു മനുഷ്യ സാദൃശത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു. അതുകൊണ്ടു ദൈവവും അവനെ ഏററവും ഉയർത്തി സകല നാമത്തിനും മേലായ നാമം നല്കി; അങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടേയും ഭൂലോകരുടേയും അധോലോകരുടേയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാ നാവും "യേശുക്രിസ്തു കർത്താവു" എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏററു പറയുകയും ചെയ്യേണ്ടി വരും (ഫിലിപ്പിയർ 2:5-11).

എത്ര താല്പര്യം ജനിപ്പിക്കുന്ന ഭാഗമാണിത് ! അവരം തന്നെത്താൻ പറഞ്ഞു. എല്ലായ്പോഴും ദൈവ പുത്രനായിരുന്നു ദൈവത്തെ പൂർണ്ണമായി അനുസരിച്ചു വന്നിരുന്നു. ഭൗതികമായി മക്കരം തങ്ങളുടെ അപ്പന്മാരെ ഇതുപോലെ അനുസരിച്ചാൽ എത്ര നന്നായിരുന്നു. എന്നാൽ ഇവിടെ പറഞ്ഞിരിക്കുന്നതു: ദൈവത്തോടു തുല്യത ഉണ്ടായിരുന്നതു സ്വർഗ്ഗത്തിൽ വിട്ടിട്ടാണ് വന്നത്. ഈ അനുസരണത്തെ കുറിച്ച് അന്ത്രെയോസ് വരുമ്പോരം ചോദിക്കണമെന്നു അവരം വിചാരിച്ചു.

അന്ത്രെയോസ് വാതിൽക്കൽ പ്രത്യക്ഷപ്പെട്ടപ്പോരം തന്നെ റാഹേലിനു തന്റെ സംശയവും ആകാംഷയും പറയണമെന്നു തോന്നി. അവരം പറഞ്ഞു: ഇന്നത്തെ നമ്മുടെ മററെല്ലാ കാര്യങ്ങളും മാററിയിട്ട്, ഈ വചനങ്ങളെ വായിച്ച് എനിക്കു പറഞ്ഞു തരാമോ എന്നു അവരം തന്റെ ഭർത്താവിനോടു ചോദിച്ചു.

പുഞ്ചിരിച്ചുകൊണ്ടു അന്ത്രെയോസ് പറഞ്ഞു: "തി

ർച്ചയായും പറഞ്ഞുതരാം''. നിനക്കു ബാല്യം മുതലേ ക്രിസ്തുവിൽ വിശ്വാസമുണ്ടല്ലോ. പിന്നെന്താണ് ഇപ്പോൾ സംശയം വരാൻ കാരണം എന്നു ചോദിച്ചു. എന്താണ് പ്രത്യേകമായി പഠിക്കാനുള്ളത് എന്നു ചോദിച്ചു.

യേശുക്രിസ്തുവിനെ ആരംഭം മുതൽ നിങ്ങൾ എങ്ങനെയാണ് മനസിലാക്കിയത് ? റാഹേൽ ഭർത്താവിനോടു ആരാഞ്ഞു. 'ദൈവ പുത്രനായിട്ട്' അവൻ മറുപടിയും പറഞ്ഞു.

''പക്ഷെ ഫിലിപ്പിയ ലേഖനം രണ്ടാം അദ്ധ്യായം ഞാൻ വായിച്ചപ്പോൾ അവിടെ അവൻ ദൈവത്തോടു സമത്വമുള്ളവനായിട്ടും, തന്നെത്താൻ ഒഴിച്ചു മനുഷ്യ വേഷത്തിൽ വന്നതായും പറയുന്നുണ്ടല്ലൊ അങ്ങനെ അവൻ അനുസരണമുള്ളവനായി തീർന്നു എന്നും കാണുന്നു. ഈ ഒരു കാഴ്ച്ചപ്പാടിൽ യേശുവിനെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ'' എന്നു ചോദിച്ചു.

''ഞാൻ അങ്ങനെ കണ്ടിട്ടില്ല'' എന്നു അവനും സമ്മതിച്ചു. അതാണ് ആ വാക്യങ്ങൾ നല്കുന്ന അർത്ഥമെങ്കിൽ ഇന്നു രാത്രി നമുക്ക് ധാരാളം പഠിക്കുവാനുണ്ട് എന്നു അന്ത്രെയോസ് പറഞ്ഞു.

വൈകുന്നേരം അത്താഴം കഴിച്ചു ജോലി എല്ലാം തീർത്തു. തിമൊഥി കളിക്കാനും പോയി. അപ്പോൾ വചനം പഠിക്കുവാനായി അന്ത്രെയോസും റാഹേലും ഇരുന്നു. പൊതുവായി നാം ഇതുവരെ ചെയ്തുവന്ന കാര്യങ്ങളിൽ നിന്നു വിഭിന്നമായി പ്രവർത്തിക്കേണ്ടവരാണ് നാം കാരണം നാം പുതുക്കം പ്രാപിച്ചു ക്രിസ്ത്യാനികളായി തീർന്നവരാണ്. നാം ചെയ്തുകൊണ്ടിരുന്ന ജോലിക്കു മാററം സംഭവിച്ചിട്ടില്ലെങ്കിലും ചെയ്യുന്ന രീതിക്കും സ്വഭാവത്തിനും മാററം വരുത്തണം. നാം നമ്മുടെ ജീവിതത്തിൽ എല്ലാ കാര്യങ്ങളും ദൈവവുമായിട്ടുള്ള ബന്ധത്തിൽ ചെയ്യ

ണം. മാററത്തിനു പ്രാധാന്യവും ഊന്നലും കൊടുക്കണം എന്നു അന്ത്രെയോസ് പറഞ്ഞു.

അതു ശരിയാണെന്നു റാഹേൽ സമ്മതിച്ചു. ഇപ്പോൾ നാം നിത്യതക്കു വേണ്ടിയാണ് ജീവിക്കേണ്ടതു. ഇനി നമുക്കു പേനയും കടലാസും എടുത്തു പഠനത്തിലേക്കു തിരിയാം അന്ത്രെയോസ് പറഞ്ഞു. 'യേശു ഭൂമിയിൽ ജനിക്കുന്നതിനു മുൻപുണ്ടായിരുന്ന അവസ്ഥ മനസ്സിലാക്കുവാൻ മററു വേദഭാഗങ്ങൾ കൂടെ നോക്കണം' റാഹേൽ ഓർപ്പിച്ചു.

എനിക്കു ഒരു വാക്യം ഓർമ്മ വരുന്നു എന്നു അവൾ പറഞ്ഞു യോഹന്നാൻ ഒന്നാം അദ്ധ്യായമാണത്. ''ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവമായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു. അവൻ മുഖാന്തരം സകലവും സൃഷ്ടിക്കപ്പെട്ടു. അവനെ കൂടാതെ യാതൊന്നും ഉളവായിട്ടില്ല''. ജീവനും ശക്തിയും ദൈവികഗുണങ്ങൾ ആണ്.

അവർ അതു എഴുതി വെച്ചു. തുടർച്ചയായി അവർ ആ ഭാഗം വായിച്ചു. പതിന്നാലാം വാക്യത്തിൽ വചനം ജഡമായി തീർന്നു എന്നതും നമ്മുടെ ഇടയിൽ പാർത്തു എന്നതും അവർ തിരിച്ചറിഞ്ഞു.

പിതാവായ ദൈവത്തിനുള്ള അതേ ആത്മീയ സത്ത പുത്രനായ യേശുവിലും ഉണ്ടെന്ന വസ്തുത എബ്രായ ലേഖനം ഒന്നാം അദ്ധ്യായം മൂന്നാം വാക്യത്തിലും കാണുന്നുണ്ട്. ദൈവ പുത്രനു സൃഷ്ടിപ്പിൽ തുല്യ പങ്കാളിത്തം ഉള്ളതായി രണ്ടാം വാക്യത്തിൽ പറയുന്നു. അവൻ തന്റെ മഹത്വത്തിന്റെ ശക്തിയിൽ എല്ലാം വഹിക്കുന്നു.

*

# വാർത്തകൾ

## ഭൂചലനം: കേരളം നടുങ്ങി

കേരളത്തിൽ ഇന്നലെ ശക്തമായ ഭൂചലനം ഉണ്ടായി. റിക്ടർ സ്കെയിലിൽ അഞ്ച് രേഖപ്പെടുത്തിയ ഭൂചലനം സംസ്ഥാനത്ത് ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും തീവ്രതയുള്ളതാണ്. ആളപായമോ വൻ നാശനഷ്ടങ്ങളോ ഉണ്ടായില്ലെങ്കിലും തിരുവനന്തപുരം മുതൽ കോഴിക്കോടുവരെയുള്ള ജില്ലകളിൽ ഇതു പരിഭ്രാന്തി പരത്തി.

ഇടുക്കി ജില്ലയിലെ പൈനാവിലും കോട്ടയം ജില്ലയിലെ മേലുകാവിനും മധ്യേയുള്ള പ്രദേശമാണ് ഭൂചലനത്തിന്റെ കേന്ദ്രം (എപ്പിസെന്റർ). ഇടുക്കി ഡാമിൽനിന്നും 30 കിലോ മീറ്റർ ആകാശദൂരത്തിനുള്ളിലാണ് ഈ പ്രദേശം. രാവിലെ ആറുമണി 54 മിനിറ്റ് 21 സെക്കൻഡിനു ശേഷമായിരുന്നു ഏകദേശം 50 സെക്കൻഡു നീണ്ടുനിന്ന ആദ്യഭൂചലനം. പല സ്ഥലത്തും ഇടിമുഴക്കംപോലെയോ പാറകൾ തമ്മിൽ ഉരയുന്നതു പോലെയോ ശബ്ദവും കേട്ടു. ഉച്ചകഴിഞ്ഞും വൈകിട്ടും ഭൂചലനങ്ങൾ ഉണ്ടായെന്നു പറയപ്പെടുന്നുണ്ടെങ്കിലും രേഖപ്പെട്ടുത്തിയിട്ടില്ലെന്നു കാലാവസ്ഥാ നിരീക്ഷണകേന്ദ്രം അറിയിച്ചു.

ഇനിയും ശക്തികുറഞ്ഞ ഇത്തരം ഭൂചലനങ്ങൾ അനുഭവപ്പെട്ടേക്കാൻ ഇടയുണ്ടെങ്കിലും ഇന്നലെയുണ്ടായതിനെക്കാൾ ദുർബലമായിരിക്കുമെന്നും പരിഭ്രാന്തരാകേണ്ട കാര്യമില്ലെന്നും ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞർ അറിയിച്ചു.

തലസ്ഥാനത്തെ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിന്റെ (സെസ്സ്) നിയന്ത്രണത്തിലുള്ള പീച്ചിയിലെ മാപിനിയിൽ ഭൂചലനം രേഖപ്പെടുത്തിയിട്ടുണ്ട്.

## വിനോദസഞ്ചാരികൾക്ക് കേരളം പ്രിയങ്കരം

ഗോവയ്ക്കു പോലും ആശങ്ക ഉണ്ടാക്കുംവിധം കേരളത്തിലേക്ക് വിനോദസഞ്ചാരികളുടെ വരവു വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും മുംബൈയിലെ സുമൻ മോട്ടൽസ് ഡയറക്ടർ (മാർക്കറ്റിങ്) ജാവേദ് അക്തർ പറഞ്ഞു. രാജ്യത്തിന് വിദേശനാണ്യം നേടിത്തരുന്ന കാര്യത്തിൽ താമസിയാതെ ടൂറിസ്റ്റ് റിസോർട്ടുകൾ ഒന്നാം സ്ഥാനത്തെത്തും.

സുമൻ ഗ്രൂപ്പിന്റെ കേരളത്തിൽ ആദ്യത്തെ ട്രാവൽ പോർട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നടൻ സുരേഷ്ഗോപി സന്നിഹിതനായിരുന്നു. ദക്ഷിണേന്ത്യയിൽ ആറെണ്ണം ഉൾപ്പെടെ രാജ്യത്തെമ്പാടുമായി 33 വൻകിട റിസോർട്ടുകളും 157 നഗരങ്ങളിൽ ഓഫീസുകളും അറുപതിനായിരത്തിലേറെ ഇടപാടുകാരുമുണ്ട് സുമൻ ഗ്രൂപ്പിന്. അടുത്ത കാലത്തായി തങ്ങൾക്കു ലഭിക്കുന്ന അന്വേഷണങ്ങളിൽ നല്ല പങ്കും കേരളത്തെക്കുറിച്ചാണെന്നു ജാവേദ് അക്തർ പറയുന്നു. ഇന്ത്യയിൽ സുമന്റെ 18-മത്തെ ട്രാവൽപോർട്ടാണിത്.

സഞ്ചാരവുമായി ബന്ധപ്പെട്ട സേവനങ്ങളുടെയും ഏജൻസികളുടെയും ഫ്രാഞ്ചൈസി കൺസോർഷ്യമാണു ട്രാവൽപോർട്ട്. അടുത്ത വർഷം ഇത് 50 ആകും. ഗൾഫിൽ മൂന്നെണ്ണം ഉൾപ്പെടെ രണ്ടു വർഷത്തിനകം നൂറു പോർട്ടുകൾ തുടങ്ങും. പ്രേമൻ അസോഷ്യേററ്സ് ആണ് കൊച്ചിയിലെ ഫ്രാഞ്ചൈസി. ലോകത്തെവിടെയും ഹോട്ടൽ റിസർവേഷൻ, വിമാന ടിക്കററ്, പാക്കേജ് ടൂർ, ക്ലബ് മെംബർഷിപ്പ്, ടൈം ഷെയർ, ക്രെഡിററ് കാർഡ്, വായ്പ, ഇൻഷുറൻസ് തുടങ്ങിയ സേവനങ്ങൾ നൽകുമെന്നു മാനേജിങ് പാർട്ണർ അറിയിച്ചു.

# നിയമയുദ്ധത്തിൽ ഗോറിനു തിരിച്ചടി

ഡമോക്രാററിക് സ്ഥാനാർഥി അൽഗോറിൻെറ വൈററ്ഹൗസ് മോഹങ്ങൾക്ക് കോടതിയുടെ തിരിച്ചടി. പാം ബീച്ച് കൗണ്ടിയിലെയും മിയാമിഡെയ്ഡിലെയും വിവാദത്തിലായ 13000 വോട്ടുകൾ കൂടി എണ്ണണമെന്ന ഗോർ പക്ഷത്തിൽ വാദം ഫ്ളോറിഡ സുപ്രീംകോടതി അംഗീകരിച്ചില്ല. 537 വോട്ടിൻെറ ഭൂരിപക്ഷത്തിൽ ബുഷ് ഫ്ളോറിഡയിൽ വിജയിച്ചതായുള്ള പ്രഖ്യാപനം ശരിവച്ച് ഫ്ളോറിഡ സുപ്രീംകോടതി നൽകിയ വിധിക്കെതിരെ ഗോർ പക്ഷം ഇന്നലെ യു.എസ്. സുപ്രീംകോടതിയെ സമീപിച്ചു.

ഇതിനിടെ ഫ്ളോറിഡയിൽ കൈകൊണ്ട് എണ്ണിയ വോട്ടും പ്രസിഡൻറ് തെരഞ്ഞെടുപ്പിൻെറ ഫലപ്രഖ്യാപനത്തിന് പരിഗണിക്കണമെന്ന ഉത്തരവ് പുനഃപരിശോധിക്കാൻ യു.എസ്. സുപ്രീംകോടതി നിർദേശിച്ചതിനെ തുടർന്ന് പുതിയവാദമുഖങ്ങൾ അവതരിപ്പിക്കാൻ ഫ്ളോറിഡ സുപ്രീംകോടതി ഗോറിൻെറയും ബുഷിൻെറയും അഭിഭാഷകരോട് ആവശ്യപ്പെട്ടു. ഇതും ഗോർപക്ഷത്തിന് തിരിച്ചടിയായി.

ഫലപ്രഖ്യാപനത്തിന് നവംബർ 14 അവസാനതീയതിയായി നിശ്ചയിച്ചുകൊണ്ട് ഫ്ളോറിഡയിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥി ജോർജ് ബുഷ് 937 വോട്ടിൻെറ ഭൂരിപക്ഷത്തിന് വിജയിച്ചതായി പ്രഖ്യാപനം നടത്തിയിരുന്നു. എന്നാൽ പിന്നീട് ഫ്ളോറിഡ സുപ്രീംകോടതി നവംബർ 26 വരെയുള്ള വോട്ടെണ്ണലിൻെറ ഫലവും കൂടി ഉൾപ്പെടുത്താൻ നിർദേശം നൽകുകയും ഇതനുസരിച്ച് ബുഷിൻെറ ലീഡ് 537 വോട്ടായി കുറയുകയും ചെയ്തു.

# ചിറയിൻകീഴ് ആശുപത്രിയിൽ എന്തിനും പണപ്പിരിവ്

ആശുപത്രി വികസന സമിതിയുടെ പകൽക്കൊള്ള ചിറയിൽകീഴ് താലൂക്ക് ആശുപത്രി പാവപ്പെട്ട കയർ-കർഷക തൊഴിലാളി കുടുംബങ്ങൾക്കു പീഡാനുഭവമായി മാറി. വികസനത്തിന്റെ പേരുപറഞ്ഞ് ഇല്ലാത്ത രസീതുകൾ നൽകി പാവപ്പെട്ട രോഗികളെ പിഴിയുന്നതു ജനപ്രതിനിധികൾ അടങ്ങിയ വികസന സമിതിയുടെ ഒത്താശയോടെയാണെന്ന് ഏറെ വിരോധാഭാസം.

മെഡിക്കൽ കോളജ് ആശുപത്രിയിൽപ്പോലും നിലവിലില്ലാത്ത ഫീസുകളാണു രോഗികളിൽ നിന്നും ഈടാക്കിവരുന്നത്. അപകടത്തിൽപ്പെട്ടോ, ഓപ്പറേഷനുമായി ബന്ധപ്പെട്ടോ രക്തം ആവശ്യമായി വരുമ്പോൾ പാവപ്പെട്ടവർക്കു ബ്ലഡ് ബാങ്കിൽ നിന്നു രക്തം സൗജന്യമായി കൊടുക്കാൻ നിയമം ഉണ്ടായിരിക്കേ വൻതുക വാങ്ങി രക്തം നൽകുന്ന ആശുപത്രി അധികൃതരുടെ നിലപാട് ഏറെ വിവാദമായിട്ടുണ്ട്.

രോഗികൾക്കാവശ്യമായ രക്തം ബന്ധുക്കൾ നൽകാൻ സന്നദ്ധരായാൽപോലും 250 രൂപ സംഭാവന നൽകിയാലേ പ്രസ്തുത രക്തം രോഗിക്ക് അനുവദിക്കുകയുള്ളുവെന്ന നിലപാടാണിപ്പോൾ. തുകയെടുക്കുമ്പോൾ ആശുപത്രി വികസന സമിതിയുടെ പേരിൽ നൽകുന്ന രസീതിൽ സീലോ, രസീത് നമ്പരോ ഇല്ലാത്തതും നാട്ടുകാരിൽ സംശയമുണർത്തിയിട്ടുണ്ട്.

# നിർത്തരുത്

## പിയേഴ്സ് ബ്രൗൺ

നാല്പതു വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന ഒരു ഉപദേഷ്ടാവിനെ എനിക്കറിയാം. അദ്ദേഹത്തിന്റെ മനസ്, ബുദ്ധി, ദൈവ വചനത്തിലുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ച എന്നിവ എന്നെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരുന്നതു ദൈവശ്വാസീയ വചനത്തിൽ തന്നെയായിരുന്നു. അതു എന്നിൽ പ്രചോദനവും പ്രമോദവും ഉണർത്തി. എന്നാൽ എനിക്ക് അറിഞ്ഞുകൂടാത്ത ചില കാരണങ്ങളാൽ അദ്ദേഹം വിശ്വാസത്തിൽ നിന്നകന്നു പോയി. അവസാനമായി അദ്ദേഹത്തെ ഞാൻ കാണുന്നതു താടി വളർത്തി മദ്യപിച്ചു കുനിഞ്ഞിരിക്കുന്ന അവസ്ഥയിലായിരുന്നു. ഞാൻ കരഞ്ഞും പ്രാർത്ഥിച്ചും കൊണ്ടു അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. എന്താണ് ഇങ്ങനെ സംഭവിക്കുന്നതു ? പിന്നീട് ഞാൻ പത്തു വർഷത്തോളം അയാൾക്കു വേണ്ടി ഒന്നും ചെയ്തില്ല.

ഒരുപക്ഷെ എന്റെ അഹങ്കാരമാകാം. അല്ലെങ്കിൽ അയാളെ മോശമായി കണ്ടതുകൊണ്ടാകാം. സഹോദരനെ കുറിച്ച് കരുതലില്ലായ്മ കൊണ്ടാകാം. അല്ലെങ്കിൽ പത്രോസിനെ പോലെയുള്ള ചിന്ത കൊണ്ടാകാം. സഹോദരന്റെ വീഴ്ച്ചയിൽ അവനെ എല്ലാവരും തള്ളികളഞ്ഞ കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടു. അവന്റെ ജീവിതത്തെയും ക്രിയാത്മക കഴിവുകളെയും തിരിച്ചു കൊണ്ടു വരാൻ ശ്രമിക്കാമായിരുന്നു.

രണ്ടാമതായി വേദശാസ്ത്ര പരമായിട്ടുള്ള പ്രശ്നം കൊണ്ടാകാം. ബൈബിളിൽ ഈ വിധത്തിലുള്ള പാപസ്വഭാവത്തെ വിവരിച്ചിരിക്കുന്നതു എനിക്കറിയാം. "ഒരിക്കൽ പ്രകാശനം ലഭിച്ചിട്ടു സ്വർഗ്ഗീയദാനം ആസ്വദിക്ക

യും പരിശുദ്ധാത്മാവിനെ പ്രാപിക്കയും ദൈവത്തിന്റെ നല്ല വചനവും വരുവാനുള്ള ലോകത്തിന്റെ ശക്തിയും ആസ്വദിക്കയും ചെയ്തവർ പിന്മാറിപ്പോയാൽ തങ്ങൾക്കു തന്നേ ദൈവ പുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആക കൊണ്ടു അവരെ പിന്നെയും, മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല (എബ്രായർ 6:4-6). മാത്രമല്ല 1 യോഹന്നാൻ 5:16 ഉം എന്തെന്നു എനിക്കറിയാം. ''മരണത്തിനുള്ള പാപമുണ്ട്. അതിനെക്കുറിച്ച് അപേക്ഷിക്കണമെന്നു ഞാൻ പറയുന്നില്ല'' എന്നാണ് അവിടെ പറഞ്ഞിരിക്കുന്നത്. ഈ വേദഭാഗങ്ങൾ വായിച്ച് തെറ്റിദ്ധരിച്ചതാകാം കാരണം.

മൂന്നാമതായി, വചനം ഞാൻ ശരിയായി മനസിലാക്കിയാലും അതു ബന്ധപ്പെടുത്തേണ്ട പ്രശ്നം കൊണ്ടായിരിക്കാം. വചനത്തെ തെററായി ഉപയോഗിച്ചതാകാം കാരണം. അവൻ അത്തരക്കാരനാണ്; അതുകൊണ്ടു അവനെ കുറിച്ച് യാതൊരു പ്രതീക്ഷയുമില്ല എന്ന ഊഹാപോഹം ആയിരിക്കാം എന്നിലുണ്ടായിരുന്നത്. നമ്മിൽ പലരും മററനേക വേദവാകൃങ്ങൾ തെററായി ഉപയോഗിക്കാറുണ്ട്. ആ വേദഭാഗം മനസിലായി എന്നു തോന്നാം. വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ദൈവത്തിന്റെ വിശുദ്ധ നഗരത്തിന്റെ സവിശേഷത എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. കുഞ്ഞാടിന്റെ ജീവ പുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായതു യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും അതിൽ കടക്കയില്ല (വെളിപ്പാട് 22:27).

ഒരാൾ മറെറാരാളോട് ഒരിക്കൽ സുഖമാണോ എന്ന ചോദ്യത്തിനു സുഖം തന്നെ എന്ന മറുപടിയും വേറൊരാളോട് കുറെ കഴിഞ്ഞു ''നല്ല സുഖമില്ല എന്നും മറുപടി പറഞ്ഞു കേട്ടു. ഇതിൽ നിന്നു നിങ്ങൾക്കെന്തു മനസിലായി ? ചുരുക്കത്തിൽ അയാൾ പറഞ്ഞതിൽ ഒന്നു കളളവും

മറെറാന്നു സത്യവുമായിരുന്നു. ഒരേ നാവിൽ നിന്നു തന്നെ സത്യവും അസത്യവും വരുന്നു. ഗോഷ്ക്കു പറയുന്നവരുടെ കൂട്ടത്തിൽ അയാളെ പെടുത്താം. അവർക്കു ദൈവ രാജ്യത്തിലല്ല ഓഹരി. അവർക്കു് ഗന്ധകവും കത്തുന്ന തീപൊയ്കയിലത്രെ ഓഹരി. താൽക്കാല നേട്ടങ്ങൾക്കു വേണ്ടി പറയപ്പെടുന്ന ഇത്തരം ഗോഷ്ക്ക് സമൂഹത്തെ നശിപ്പിക്കും.

ഞാൻ ഒരു ചുമതല ഏല്പിച്ചു കൊടുക്കുന്ന ആളല്ല. ഞാൻ വളരെ എളുപ്പത്തിൽ ഏതു വേദവാക്യവും തെററായി ഉപയോഗിക്കാം എന്ന അറിവു എന്നിലുണ്ടാകണം. കാരണം സാഹചര്യങ്ങൾ വ്യത്യസ്തമായിരിക്കുമല്ലോ. ആ മനുഷ്യനുവേണ്ടി പ്രാർത്ഥിപ്പാൻ പോലും തുനിയാതിരുന്നതിനു അനേക കാരണങ്ങൾ പറയാം. പക്ഷെ അതൊന്നും പ്രശ്നപരിഹാരമാവുന്നില്ലല്ലൊ. എന്നാൽ നാല് പതു വർഷങ്ങൾക്കുശേഷം അയാൾ കൂട്ടത്തിലേക്കു തിരിച്ചു വന്നു. കൂട്ടം തെററി പോയ ഒരാട് സ്വന്തം കൂട്ടത്തെ കണ്ടെത്തിയ സന്തോഷത്തോടെ തന്നെ തിരിച്ചു വന്നു. അപ്പോഴാണ് എൻെറ കുററബോധം എന്നെ തട്ടിയുണർത്തിയത്. ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നതു പരിശീലിക്കണമെന്ന ഒരു തോന്നലുണ്ടായി. ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരുന്നാൽ അതു കുററകരം തന്നെ. നന്മ ചെയ്വാനറിഞ്ഞിട്ടു ചെയ്യാതിരുന്നാൽ അതു പാപം തന്നെയാണ്. നിർത്താതെ ചെയ്യേണ്ട പല കാര്യങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്.

ബലഹീനതകൊണ്ടു തളർന്നു പോകുന്നവരുണ്ട്. ചിലരുടെ മനസിൻെറ ദൌർബ്ബല്യം കൊണ്ടാണ് സംഭവിക്കുന്നത്. പക്ഷെ ശക്തിയുള്ളവർ അശക്തരെ താങ്ങണം. ഒരു ശരീരത്തിലെ ഏതെങ്കിലും അവയവത്തിനു ക്ഷതം സംഭവിച്ചാൽ അതു പുനസ്ഥാപിക്കുന്നതുവരെ മററു അവയവങ്ങൾ അതിനെ താങ്ങും. അതുപോലെയാണ് സഭയിലെ അംഗങ്ങളും. ഒരാൾ തെററിപോയാൽ നില്ക്കുന്നവർ

അയാളെ തിരിച്ചു കൊണ്ടുവരാൻ പരിശ്രമിക്കണം. ആത്മിയരോഗത്താലും ബന്ധത്താലും കഴിയുന്നവരെ അതിൽ നിന്നു മോചിപ്പിക്കുവാൻ മററുള്ളവർ ശ്രമിക്കണം. സഭയുടെ ആത്മിക വളർച്ചക്കു എല്ലാവരും തുല്യ പങ്കാളികളാകണം. ആ ഒരു കൂട്ടായ്മയുടെ ഉദ്ദേശം നാം മറക്കരുത്.

പ്രത്യാശ ഒരിക്കലും വിട്ടു കളയരുത് എന്നു ഞാൻ പ്രസംഗിക്കുന്നുണ്ട്. ആ ഞാൻ തന്നെ പ്രത്യാശയില്ലാത്തതുപോലെ ആയാലോ ? ഊഹാപോഹങ്ങളെ വെച്ച് പ്രവർത്തിക്കരുത് എന്നു ഞാൻ ഉപദേശിക്കാറുണ്ട്. കാരണം വസ്തുതകൾ മറിച്ചാകാം. വാസ്തവമെന്തെന്നു അറിയാത്ത സംഗതികളെ കുറിച്ച് നമുക്കെങ്ങനെ വിലയിരുത്താനാകും ? അങ്ങനെ ഉപദേശിക്കുന്ന ഞാൻ തന്നെ ഊഹം വെച്ചു പ്രവർത്തിച്ചാൽ എന്തായിരിക്കും സ്ഥിതി ? അതു ശരിയായ ഒരു നീക്കമെല്ല ഞാൻ നടത്തിയതു. വിധിക്കരുത് എന്നു പ്രസംഗിക്കുന്ന ഞാൻ തന്നെ വിധിച്ചാൽ അതു വിരോധാഭാസം ആയിരിക്കും. നാം വിധിച്ചാൽ നമ്മൾ വിധിക്കുന്ന വിധിയാൽ ദൈവം നമ്മെയും വിധിക്കും (മത്തായി 7:1). ഒരുപക്ഷെ ഞാൻ ഊഹിച്ചതുകൊണ്ടാകാം വിധിച്ചത്. എങ്ങനെയായാലും അതു തെററായി പോയി എന്നു ഇപ്പോൾ തോന്നുന്നു. എന്റെ മനോഭാവം, ഉദ്ദേശം, വിലയിരുത്തൽ എന്നിവയിൽ പോരായ്മ സംഭവിച്ചു. അതാണ് എന്നെ പശ്ചാത്താപത്തിലേക്കു നയിച്ചത്.

എന്തായാലും നാല്പതു വർഷം ഞാൻ നിർത്തിയ കാര്യം മററുള്ളവർ നിർത്തിയില്ല; ദൈവം നിർത്തിയില്ല. അതിന്റെ ഫലമായിട്ടാണ് അയാൾ തിരിച്ചു വന്നത്; വീണ്ടും അയാളെ സഭയിൽ കണ്ടുമുട്ടുവാനിടയാക്കിയത്. ഏതു സാഹചര്യത്തിലും നാം ആരെയും വിട്ടുകളയരുത്.

★

# ദൈവ വാഗ്ദാനങ്ങൾ നിശ്ചയമായവ

## ഫ്രെഡ് ഡില്ലൻ

മനുഷ്യർ മനുഷ്യർക്കു വാഗ്ദാനം നല്കുകയും ചിലർ അതിൽ നിന്നു പിൻമാറുകയും ചെയ്യും. എന്നാൽ ദൈവം തന്റെ വാഗ്ദാനത്തിൽ നിന്നു പിന്തിരിയുകയില്ല ആ ഒരു ഉറപ്പ് നമ്മിൽ പ്രത്യാശ ഉളവാക്കുന്നു. യേശു ക്രിസ്തുവിന്റെ വാക്കുകളും വാഗ്ദാനങ്ങളും അതുപോലെ തന്നെയാണ്. പൌലൊസ് പ്രസ്താവിക്കുന്നതു കോക്കുക. ''ഞാനും സില്വാനൊസും തിമൊഥെയൊസും നിങ്ങളുടെ ഇടയിൽ പ്രസംഗിച്ച ദൈവ പുത്രനായ യേശുക്രിസ്തു ഒരിക്കൽ ഉവ്വ് എന്നും മറ്റൊരിക്കൽ ഇല്ല എന്നും ആയിരുന്നില്ല; അവനിൽ ഉവ്വ് എന്നത്രെയുള്ളു. ദൈവത്തിന്റെ വാഗ്ദാനങ്ങൾ എത്രയുണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രെ; അതുകൊണ്ടു ഞങ്ങളാൽ ദൈവത്തിനു മഹത്വം ഉണ്ടാകുമാറു അവനിൽ ആമേൻ എന്നും തന്നേ'' (1 കൊരിന്ത്യർ 1:19-20).

പൌലൊസിന്റെ ലേഖനങ്ങളിൽ ഒക്കെയും എടുത്തു പറയാവുന്ന പ്രത്യേക സ്വഭാവ വിശേഷത എന്തെന്നാൽ ക്രിസ്തുവിൽ അവനുണ്ടായിരുന്ന വലിയ വിശ്വാസമായിരുന്നു. ക്രിയാത്മകമായ ഒരു രക്ഷകനെ ക്രിയാത്മകമായി തന്നെ ചിത്രീകരിച്ചിരിക്കയാണ്. കാര്യകാരണ സഹിതം ആണ് അവൻ വസ്തുതകൾ രേഖപ്പെടുത്തിയിരിക്കുന്നതു. താൻ എന്തുകൊണ്ടു വിശ്വസിക്കുന്നു എന്നും എന്തുകൊണ്ടു പ്രസംഗിക്കുന്നു എന്നും സംശയരഹിതമായി പ്രതിപാദിച്ചിട്ടുണ്ട്. അവന്റെ ചില പ്രസ്താവനകൾ പരിശോധിക്കുക.

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്ത ദൈവ പുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു" (ഗലാത്യർ 2:20).

"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു" (ഫിലിപ്പിയർ 1:21). "അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചിരിക്കുന്നു" (2 തിമൊഥെയൊസ് 1:12).

"ഞാൻ നല്ല പോർ പൊരുതു; ഓട്ടം തികെച്ചു; വിശ്വാസം കാത്തു ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല; അവന്റെ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (2 തിമൊഥെയൊസ് 4:7-8).

ഈ ആധുനിക കാലഘട്ടത്തിൽ കർത്താവിന്റെ സഭയിൽ ജീവിക്കുന്നവർ, ദുരുപദേശങ്ങൾക്കും, സാമൂഹ്യ പ്രവർത്തന സുവിശേഷത്തിനും, മററു പലതിനും വിട്ടുവീഴ്ച്ച ചെയ്തു വിശാല മനസ്കത വെച്ചു പുലർത്താൻ ശ്രമിക്കുന്നതു എത്ര പരിതാപകരമാണ് എന്നോർക്കുക. ദൈവത്തിന്റെ വാഗ്ദാനങ്ങളായ രക്ഷ, വീണ്ടെടുപ്പ്, പാപമോചനം, നിത്യജീവൻ എന്നിവയെ കുറിച്ച് നമുക്കുള്ള അറിവും ഉറപ്പും എത്രമാത്രമുണ്ട്? മനസിനു കുളിർമ്മ നല്കുന്നതോ കാതുകൾക്കു ഇമ്പം പകരുന്നതോ ആയ കാര്യങ്ങളിലേക്കു നാം തിരിയേണ്ട ആവശ്യമില്ല. ക്രിസ്തു യേശുവിൽ പുതുക്കമുള്ള മനസാണ് നമുക്കു ഏവർക്കും

വേണ്ടതു്. എങ്കിലേ ക്രിസ്തുവിന്റെ ഭാവം നമ്മിൽ ഉണ്ടാകയുള്ളു. ആത്മിക മനുഷ്യനു മാത്രമെ ആത്മികമായി ചിന്തിക്കാൻ പററു. നിത്യമായ ജീവൻ ലഭിക്കുന്നതിനു ദൈവം അരുളിച്ചെയ്തിട്ടുള്ള നിബന്ധനകളെ നാം ഗൗരവമായി എടുക്കണം. അവയെ നിസാരമായി തള്ളികളയരുത്.

പൌലൊസ് തിമൊഥെയൊസിനോടു കല്പിച്ചതു തന്നെയാണ് നാമും സ്വീകരിക്കേണ്ടതു. "നിന്നെത്തന്നേയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക; ഇതിൽ ഉറെച്ചുനില്ക്ക; അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും" (1 തിമൊഥെയൊസ് 4:16).

നാം കരുത്തുള്ള ആത്മീയ തീഷ്ണതയോടെ, ജാഗ്രതയോടെ ക്രിസ്തുവിന്റെ ഉപദേശം മുറുകെ പിടിക്കയും നമ്മുടെ ജീവിതം സൂക്ഷിക്കയും ചെയ്താൽ നമ്മുടെ ഭാവി ചോദ്യം ചെയ്യപ്പെടാനാവാത്തതും ഇരുളടയാത്തതും ആകും.

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" (1 തിമൊഥെയൊസ് 4:13) എന്നാണ് പൌലൊസ്, യുവാവായ തിമൊഥെയൊസിനെ ഉണർത്തിച്ചതു. നാം വചനം വായിക്കുമ്പോൾ ഓരോ ദിവസവും നമ്മുടെ ആവശ്യങ്ങൾ, തെററു കുററങ്ങൾ ക്രിസ്തുവിലുള്ള ഉത്തരവാദിത്വങ്ങൾ എന്നിവ തെളിഞ്ഞു വരും. നാം മററുള്ളവരെ ഉത്തേജിപ്പിക്കുമ്പോൾ നമുക്കു തന്നേ ആത്മിക വർദ്ധന വരുത്തുകയാണ് ചെയ്യുന്നതു. നമുക്കു ചുററുമുള്ളവരെ സഹായിക്കുന്നതിനു കൂടെയാണ് നമ്മുടെ യജമാനന്റെ വചനങ്ങൾ തന്നിട്ടുള്ളത്. നമ്മെ ദൈവ സ്നേഹത്തിൽ സൂക്ഷിക്കുകയും മററുള്ളവരെ ദൈവ സ്നേഹത്തിലേക്കു നാം നയിക്കുകയും ചെയ്യണം.

നമുക്കു ചുററുപാടും നാമൊന്നു കണ്ണോടിച്ചാൽ കം

ണ്ടുന്നതു സത്യത്തിനു നേർക്കുള്ള എതിർപ്പും അവഗണനയുമാണ്. സംശയാസ്പദമായ പരിശീലനത്തിൽ ഏർപ്പെടുന്നവർ യഥാർത്ഥ വിശ്വാസത്തിൽ നിന്നു അകലുകയാണ് ചെയ്യുന്നതു. സുവിശേഷീകരണം എന്ന പ്രധാന ദൗത്യത്തിൽ നിന്നു നമ്മുടെ പരിഗണന മററു കാര്യങ്ങളിലേക്കു വ്യതിചലിക്കുന്നതു ദോഷം തന്നെയാണ്. നാം ഒരിക്കലും മനുഷ്യരുടെ ബുദ്ധിക്കു അടിമപ്പെടരുത്.

പേരിൽ മാത്രം ക്രിസ്ത്യാനികളായി ജീവിക്കുന്നവരും ഉപദേശത്തിൽ പ്രാധാന്യം കൊടുക്കാത്തവരും സാമൂഹ്യ പ്രവർത്തനങ്ങളിൽ മാത്രം ജീവിതം ഉഴിഞ്ഞു വെച്ചവരും തിരിച്ചറിയേണ്ടതു ബൈബിളിൻെറ ആധികാരികതയാണ്. ബൈബിൾ എവിടെ സംസാരിക്കുന്നുവോ അവിടെ സംസാരിക്കയും ബൈബിൾ എവിടെ നിശബ്ദമായിരിക്കുന്നുവോ അവിടെ നിശബ്ദമായിരിക്കയും വേണം.

അടുത്ത സമയത്തു, ലഭിച്ച സുവിശേഷത്താലല്ലാതെ പ്രത്യേകമായ യാതൊന്നിനലും ദൈവം ആരെയും വിളിക്കുന്നില്ല എന്നു ഞാൻ പ്രസംഗിച്ചപ്പോൾ ഒരു നാമധേയ വിഭാഗത്തിലെ സുവിശേഷകൻ എന്നെ ചോദ്യം ചെയ്തു (2 തെസലൊനിക്യർ 2:14). ദൈവം സകല മനുഷ്യരെയും സുവിശേഷത്താലാണ് വിളിക്കുന്നതു എന്നു ഞാൻ വചനത്തിൽ നിന്നു തെളിയിച്ചുകൊടുത്തു. വിജയത്തിനുള്ള പ്രത്യാശ വചനമാകുന്ന സത്യത്തിൽ തന്നെ എന്നതു എല്ലാവരും ഓർമ്മിക്കണം (യോഹന്നാൻ 17:17).

ശാസ്ത്രീയ ലോകത്തിനും വിവരസാങ്കേതിക വിദ്യയിൽ നില്ക്കുന്ന ലോകത്തിനും ദൈവ വചനം കാലപ്പഴക്കം ചെന്നു എന്ന തോന്നൽ മിഥ്യാ ധാരണയാണ്. ലളിതമായ സത്യമാകുന്ന സുവിശേഷത്തിൻെറ ശക്തി ഇന്നും ആത്മാക്കളെ രക്ഷിക്കുന്നതാണ് (റോമർ 1:16).

*

# നിഷ്ക്രിയമായ വിഘ്നക്കാർ

## ഡാനിയേൽ

പലതിനും തടസമായി നില്ക്കുന്നവർ നമ്മുടെ ജീവിതത്തിലുണ്ട്. സ്വന്ത ഭവനത്തിൽ, അയൽക്കാർക്കിടയിൽ, സമൂഹത്തിൽ എല്ലാം കണ്ടേക്കാവുന്ന ഒരു പ്രതിഭാസമാണത്. മാർഗ്ഗ തടസം സൃഷ്ടിക്കുന്നവർ പ്രശ്നം സൃഷ്ടിക്കുന്നവരാണ്. ബൈബിളിൽ വായിക്കുന്ന ചില സംഭവങ്ങൾ ഈ വിഷയം കൂടുതലായി മനസിലാക്കുവാൻ, നമ്മെ സഹായിക്കും. ഒരിക്കൽ ഒരു പക്ഷവാത രോഗിയെ കുറെപേർ ചേർന്നു യേശുക്രിസ്തുവിന്റെ അടുക്കൽ എത്തിക്കാൻ ശ്രമിച്ചു. ആ കാലത്തു യെരുശലേമിലും അതിനു ചുററുമുള്ള പ്രദേശങ്ങളിൽ നിന്നു നിരവധി രോഗികളെ യേശുക്രിസ്തുവിന്റെ അടുക്കൽ കൊണ്ടു വരികയും സൗഖ്യം പ്രാപിക്കയും ചെയ്ത ശ്രുതി പരന്നിരുന്നു അങ്ങനെയാണ് അവർ ഈ രോഗിയെയും കൊണ്ടു വന്നതു. നാലുപേർ ചേർന്നു ചുമന്നാണ് ഈ പക്ഷവാത രോഗിയെ യേശുവിന്റെ അടുക്കൽ കൊണ്ടു വരുന്നതു. എന്നാൽ അവന്റെ ചുററും കൂടി നിന്ന പുരുഷാരം നിമിത്തം അവർക്കു ഈ രോഗിയെ വാതിൽ വഴി അവന്റെ അടുക്കൽ എത്തിക്കാൻ കഴിഞ്ഞില്ല (മർക്കൊസ് 2:1-4). എന്നാൽ അവർ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ച് രോഗിയെ യേശു ഇരുന്നിരുന്ന മുറിയിലേക്കു ഇറക്കി വെച്ചു. അങ്ങനെ യേശു ആ പക്ഷവാത രോഗിയെ സൗഖ്യമാക്കി (മർക്കൊസ് 2:12).

ആ പുരുഷന്മാർ എടുത്ത തീരുമാനം ധീരമായിരുന്നു. പക്ഷെ അവിടെ കൂടിയിരുന്ന പുരുഷാരം വഴി തടസപ്പെടുത്താതെയിരുന്നെങ്കിൽ കാര്യം എത്ര എളുപ്പമാകുമായിരുന്നു. രോഗിയെ ചുമന്നുകൊണ്ടുപോയവർക്കു യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടുമായിരുന്നില്ല. അവിടെ കൂടി നിന്ന പുരുഷന്മാർ മററുള്ളവർക്കു തടസമുണ്ടാ

ക്കിക്കൊണ്ടിരുന്നു. അവർക്കു മറ്റുള്ളവരെ കുറിച്ച് വിചാരമില്ല. ശ്രേഷ്ഠമായ പ്രവർത്തിക്കു അവർ വിഘ്നം വരുത്തുകയാണുണ്ടായത്.

ആ പുരുഷാരം മനഃപൂർവ്വം പക്ഷവാതരോഗിയെ തടയുകയായിരുന്നില്ല. പക്ഷവാത രോഗിയെ ചുമന്നുകൊണ്ടു വന്നവർക്കു അകത്തു കടപ്പാൻ കഴിയാതെ വന്നു. ഏതൊരു സംഭവം നടക്കുമ്പോഴും ആളുകൾ തടിച്ചുകൂടും. കാഴ്ചക്കാരോ കേൾവിക്കാരോ ആയി മാത്രം അവർ നില്ക്കുന്നു. യഥാർത്ഥ ആവശ്യക്കാർക്കു പ്രവേശിക്കാൻ പറ്റാത്ത വിധം അവർ തടസമായി തീരുകയാണ്. സൗഖ്യമുള്ളവർക്കല്ല, രോഗികൾക്കാണല്ലോ വൈദ്യനെകൊണ്ടു ആവശ്യം.

ഇതുപോലെ ക്രിസ്തുവിന്റെ സുവിശേഷത്തിനു തടസം സൃഷ്ടിക്കുന്നവർ ഇന്നും ധാരാളമുണ്ട്. കർത്താവിന്റെ വേല പ്രയാസകരമായി തീരുവാൻ അതു കാരണമാകുന്നു. അവർ ധൈര്യസമേതം കടന്നു വന്നു തെറ്റുകൾ ഒന്നും ചെയ്യുന്നില്ലായിരിക്കാം. എന്താണ് ഈ തടസക്കാർ ചെയ്യുന്നത് ? മർക്കൊസിന്റെ വിവരണത്തിൽ പറഞ്ഞിരിക്കുന്ന തടസപ്പെടുത്തിയ പുരുഷാരം നിഷ്ക്രിയരാണ് എന്നു പറയാൻ കാരണമെന്ത് ? ഈ ആധുനിക കാലയളവിലും അതുപോലെ കഴിയുന്നവർ ഉണ്ട് എന്നു തിരിച്ചറിയുമ്പോൾ അവരെ എങ്ങനെ തരണം ചെയ്യാമെന്നും ബോധ്യമാകും.

**അശ്രദ്ധ നിമിത്തമായിരിക്കാം അവർ നിഷ്ക്രിയരായിരിക്കുന്നത്.** നാലുപേർ ഒരു പക്ഷവാത രോഗിയെ ചുമന്നുകൊണ്ടു വരുന്നതു അവർ കണ്ടിട്ടും വാതിലിൽ നിന്നു മാറികൊടുക്കാൻ അവർ ഒരുങ്ങിയില്ല. ക്രിസ്തുവിലേക്കു ആളുകൾ വരുന്നതിനെ കുറിച്ച് അവർ ചിന്തിക്കുന്നില്ല. അവർ സഭയിലേക്കു ആരാധനക്കായി ആളുകളെ ക്ഷണിക്കാറില്ല. പകരം അവർ ആരാധനക്കാരാണെന്നു

മററുള്ളവരെ കാണിപ്പാൻ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ പ്രസംഗം കേൾക്കുവാൻ അവർ കാത്തു നില്ക്കുന്നു എന്ന അഭിപ്രായക്കാരാകാം. തങ്ങൾ കർത്താവിന്റെ സന്നിധി വിട്ടുമാറാത്തവരാണെന്നു മററുള്ളവരെ ബോധ്യപ്പെടുത്തുന്നു. പക്ഷെ അവരുടെ സഹപാഠികളോ, സഹപ്രവർത്തകരോ, അയൽക്കാരോ, സ്നേഹിതരോ പാപക്ഷമാപണം നേടണമെന്നു അവർ ആഗ്രഹിക്കുന്നില്ല. അങ്ങാടിയിൽ വന്ദനവും, പള്ളിയിൽ മുഖ്യാസനവും പ്രതീക്ഷിക്കുന്ന പരീശന്മാരേയും ശാസ്ത്രിമാരെയും സൂക്ഷിച്ചുകൊൾവിൻ എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട്.

**അവർ അറിയാത്തതുകൊണ്ടാകാം നിഷ്ക്രിയരായി തീർന്നതു.** ഒരു പക്ഷെ തങ്ങളുടെ പുറകിൽ കുറെ പേർ ഒരു രോഗിയെയും ചുമന്നുകൊണ്ടു വന്നതു അവർ അറിഞ്ഞിരിക്കയില്ല. അറിഞ്ഞിരുന്നെങ്കിൽ അവർക്കു വഴി ഒരുക്കി കൊടുക്കുമായിരുന്നു. പക്ഷെ അവർ അറിഞ്ഞില്ല. അതുപോലെയാണ് കർത്താവിന്റെ സഭയിലുള്ള ചിലർ ചുററുമുള്ള നിസ്സഹായരായ ദശലക്ഷക്കണക്കിനു ആളുകളെ അറിഞ്ഞുകൂടാ. ക്രിസ്തുവിന്റെ അടുക്കലേക്കു വരുവാൻ ആഗ്രഹിക്കുന്നവർ അനവധിയുണ്ട്. പക്ഷെ വാതിൽക്കൽ മറ സൃഷ്ടിച്ചിരിക്കയാണ് ആളുകൾ. അവർ എന്തുകൊണ്ടു പുറത്തുള്ളവരെ അറിയുന്നില്ല? തങ്ങളുടെ ഉത്തരവാദിത്വത്തെ കുറിച്ച് ബോധമില്ലാത്തവരാണോ? കൊയ്ത്തു ധാരാളമുണ്ട്; വേലക്കാരോ ചുരുക്കം എന്നാണ് കർത്താവ് പറഞ്ഞതു. ക്രിസ്തുവിന്റെ രക്ഷ ആളുകൾക്കു നാം അടച്ചു കളയരുത്.

ഒരു പക്ഷെ അവർ ഈ ആളുകളെ അറിയാതിരിക്കുന്നതു വിശ്വാസക്കുറവു നിമിത്തമാകാം. അവരോടു പറഞ്ഞാലും വലിയ വ്യത്യാസമൊന്നും വരാൻ പോകുന്നില്ല എന്ന ചിന്തയാകാം അവർക്കുള്ളതു. ശക്തിയുള്ള ദൈവവചനം കേട്ടെങ്കിലേ ആളുകൾക്കു വിശ്വാസമുണ്ടാകൂ. വചനമെന്നതു ദൈവിക പരിജ്ഞാനമാണ്. അറിവില്ലാത്ത

വർക്കു അറിവു പകരുന്ന ഒന്നാണ് കർത്താവിന്റെ ദൂത്. യേശുക്രിസ്തുവിന്റെ ഉപദേശം കേട്ടുകൊണ്ടിരിക്കുമ്പോൾ പലരും അവനിൽ വിശ്വസിച്ചു. തന്നിൽ വിശ്വസിച്ച യെഹൂദന്മാരോടു യേശു: എന്റെ വചനത്തിൽ നിലനില്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നു പറഞ്ഞു (യോഹന്നാൻ 8: 30-32).

കർത്താവിന്റെ ഹിതം ഇതാണെങ്കിലും ആളുകൾ ഒഴിഞ്ഞു മാറുന്നതു പല കാരണങ്ങൾ നിരത്തിയാണ്. 'നമ്മൾ മററുള്ളവരെ വിധിക്കാൻ പാടില്ല, കുററപ്പെടുത്താൻ പാടില്ല; ആരാണ് നഷ്ടപ്പെട്ടതെന്ന് എനിക്കറിഞ്ഞുകൂടാ' എന്നൊക്കെ പറഞ്ഞു കേൾക്കാറുണ്ട്. അവരുടെ വിചാരം അനുസരിച്ച് കർത്താവിനു മാത്രമെ ഇതെല്ലാം അറിയാവു. വിധിക്കുന്നതും കർത്താവാണ് എന്നതാണ്. അങ്ങനെയാണെങ്കിൽ സുവിശേഷം സകല ജാതികളിലും എത്തിക്കാൻ പറയേണ്ട ആവശ്യമില്ലല്ലൊ. പക്ഷെ സത്യം എന്താണ് ? ദൈവ വചനമാണ്. അതിൽ വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ മനുഷ്യർ അനുസരിക്കണം. ആരാണ് രക്ഷിക്കപ്പെടുന്നതെന്നും ആരാണ് ശിക്ഷിക്കപ്പെടുന്നതെന്നും വചനത്തിൽ ദൈവം അരുളിച്ചെയ്തിട്ടുണ്ട് (മർക്കൊസ് 16:16). ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാത്തവർ ദൈവമില്ലാത്തവരത്രേ (2 യോഹന്നാൻ 9-10).

**തടസക്കാരാകാതിരിക്കുക.** ഒരാൾ രക്ഷിക്കപ്പെടുന്നതിനും കർത്താവിന്റെ സഭയിൽ പ്രവേശിക്കുന്നതിനും വിശ്വസ്തമായി ജീവിക്കുന്നതിനും ഒരിക്കലും നിങ്ങൾ തടസമായി തീരരുത്. എങ്ങനെയെങ്കിലും ഒരാൾക്കു രക്ഷ പ്രാപിക്കുവാനുള്ള അവസരം ഒരുക്കി കൊടുക്കുകയാണ് വേണ്ടത്.

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

| | |
|---|---|
| **ENGLISH -** | The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.<br>All Correspondence should be sent to The Voice of Truth Post Box. 3815 New Delhi-110 049 |
| **HINDI -** | Sathya Susamachar. Speaker - **Sunny David**<br>All Correspondence should be sent to<br>Sathya Susamachar,<br>Post Box. 3815 New Delhi- 110 049<br>Sundays: 8.45 to 9.00 p.m<br>Thursdays: 9.00 to 9.15 p.m. |
| **KANNADA -** | The Voice of Truth. Speaker - **Robert Rathnakar**<br>Box. 448, Bangalore - 560 004<br>Sundays: 1.45 to 2.00 pm. |
| **MALAYALAM -** | The Voice of Truth. Speaker - **P.K. Varghese**<br>All Correspondence should be sent to Church of Christ,<br>Post Box. 5540<br>Trivandrum 695 034, Kerala, India |
| **TAMIL -** | The Way of Truth. Speaker- **P.R.Swamy**<br>All Correspondence should be sent to The way of Truth,<br>Post Box 8405<br>Bangalore - 560 084 |
| **TELUGU -** | The Voice of Truth. Speaker- **Joshua Gootam**<br>All Correspondence should be sent to<br>The Voice of Truth, Post Box. 80, Kakinada 533 001<br>Sundays: 2.00 to 2.15 p.m.<br>Mondays: 2.00 to 2.15 p.m.<br>Tuesdays: 2.00 to 2.15 p.m.<br>Wednesdays: 2.00 to 2.15 p.m |

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Indi

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378